**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2120 — 06.02.2019 ൽ മറുപടിക്ക്

## തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ വികസനം

| ചോദ്യം<br><br>ശ്രീ.എ. എൻ. ഷംസീർ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ യൂറോളജി ഒ.പി.യും, സർജറിയും ആരംഭിച്ചു കൂടാതെ മോർച്ചറിയുടെ നവീകരണം, കാഷ്വാലിറ്റി നവീകരണം എന്നീ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഈ സ്ഥാപനത്തിലെ വനിതാ വാർഡ് നവീകരിക്കുകയും വാർഡിലേയ്ക്കാവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങി സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസവാനന്തര സർജിക്കൽ വാർഡ് ശീതീകരണവും അത്യാധുനിക സൗകര്യങ്ങളോടെ രണ്ട് ഐ.സി.യു.കളും നവീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പുതിയ ലിഫ്റ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇവിടെ ജനറേറ്റർ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുകയും ഇലക്ട്രിക് സബ് സ്റ്റേഷൻ ലോൺട്രി യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവിടത്തെ മാലിന്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇവയ്ക്കു പുറമേ ടി സ്ഥാപനത്തെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർ ഉൾപ്പടെ 8 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ